I/15816/2023

ഭരണഭാഷ – മാതൃഭാഷ

No.LSGD/PD/1224/2023/DED1-Part(1)

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ: de.pdlsgd@kerala.gov.in
വെബ്സൈറ്റ്: www.principaldirectorate.lsgkerala.gov.in

തീയതി: 06-06-2023

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ –പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- പൊതു സ്ഥലം മാറ്റം 2023- സംസ്ഥാനതലത്തിൽ സ്ഥലം മാറ്റം നടത്തുന്ന വിവിധ തസ്തികകളിലെ കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :

1. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 06.03.2023.
2. സർക്കാർ ഉത്തരവ് (കൈ) നം 79/2023/തസ്വഭവ. തീയതി 22/03/2023
3. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 23/03/2023
4. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 30/03/2023
5. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 (Part 1) തീയതി 11/04/2023
6. ഈ കാര്യാലയത്തിലെ നം LSGD/PD/1224/2023-DED1 (Part 1) തീയതി 02.05.2023 ലെ നോട്ടീസ്
7. ഈ കാര്യാലയത്തിലെ നം LSGD/PD/1224/2023-DED1 (Part1) (1) തീയതി 03.06.2023 ലെ നോട്ടീസ്

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ 2023 വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായി ജീവനക്കാരുടെ ഇൻകുമ്പൻസി വിവരങ്ങൾ ചേർക്കുന്നതിനും പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന സർക്കുലറുകൾ പ്രകാരം നൽകുകയും, തുടർന്ന് സ്ഥലം മാറ്റം നടത്തുന്ന തസ്തികകളുടെ കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ക്യൂ ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ തീർപ്പാക്കി സംസ്ഥാന തലത്തിൽ സ്ഥലം മാറ്റം നടത്തുന്ന തസ്തികകളുടെ സ്ഥലം മാറ്റത്തിനായുള്ള അന്തിമ ജനറൽ ക്യൂ ലിസ്റ്റ്, അനുകമ്പാർഹത- മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ അന്തിമ ക്യൂ ലിസ്റ്റ് എന്നിവ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും അറിവിലേയ്ക്കായി https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി

സൂചന (7) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ അന്തിമ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ സ്ഥലം മാറ്റം നടത്തുന്ന തസ്തികകളിലെ 2023 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായുള്ള കരട് സ്ഥലംമാറ്റ പട്ടിക https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നു.

മേൽ പരാമർശിച്ച കരട് സ്ഥലംമാറ്റ പട്ടിക https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ജീവനക്കാരുടെ ലോഗിനിൽ ലഭ്യമായിരിക്കുന്നതാണ്. എല്ലാ ജീവനക്കാർക്കും തങ്ങൾക്ക് അനുവദിച്ച നൽകിയിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച ടി വെബ്സൈറ്റിൽ കരട് സ്ഥലംമാറ്റ പട്ടികകൾ പരിശോധിക്കാവുന്നതാണ്. ടി സ്ഥലംമാറ്റ പട്ടികയിന്മേലുള്ള ***ആക്ഷേപങ്ങൾ ഓൺലൈനായി 15-06-2023 വരെ*** നൽകാവുന്നതാണ്. മേൽ സമയപരിധിക്കു ശേഷം സമർപ്പിക്കുന്ന ആക്ഷേപങ്ങളും ടി വെബ്സൈറ്റ് മുഖാന്തിരം ഓൺലൈൻ ആയി അല്ലാതെ സമർപ്പിക്കുന്ന ആക്ഷേപങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരും ഈ നോട്ടീസ് എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Signed by
M.g. rajamanickam Ias
Date: 06-06-2023 17:20:30

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

പകർപ്പ്

1. വകുപ്പിലെ എല്ലാ ജീവനക്കാർക്കും (ഓഫീസ് മേലധികാരി മുഖേന)
2. ഡയറക്ടർ (റൂറൽ ) ന്റെ സി.എ യ്ക്ക്
3. ഡയറക്ടർ (അർബൻ) ന്റെ സി.എ യ്ക്ക്
4. ചീഫ് എൻജിനീയർ
5. ചീഫ് ടൌൺ പ്ലാനർ
6. അഡീഷണൽ ഡയറക്ടർ (ഈ&എ)
7. ജോയിന്റ് ഡയറക്ടർ (IE Section)
8. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
9. വകുപ്പിലെ എല്ലാ ഓഫീസ് മേലധികാരികൾക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ മാർ മുഖേന )
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
11. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
12. കരുതൽ / അധികം